*Malappuram District Police*

## 27.08.2017 മഞ്ചേരി

പകൽ വീട്ടിൽക്കയറി സ്ത്രീയെ പീഡിപ്പിക്കാന് ശ്രമിച്ച കേസിൽ യുവാവിനെ മഞ്ചേരി പോലീസ് പിടികൂടി. പയ്യനാട് വട്ടിപ്പറമ്പത്ത് പ്രിൻസ് റഹ്മാനെ (27) ആണ് സി.ഐ. എൻ.ബി. ഷൈജുവിന്റെ നേതൃത്വത്തിൽ അറസ്റ്റുചെയ്തത്. വ്യാഴാഴ്ച രാവിലെ എട്ടിനാണ് സംഭവം. അടുക്കളയിൽ ജോലിചെയ്യുകയായിരുന്ന യുവതിയെ പിന്നിലൂടെ വന്ന് പ്രിൻസ് വായും മൂക്കും പൊത്തിപ്പിടിച്ചു. ശബ്ദമുണ്ടാക്കിയാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഉപദ്രവിക്കാൻ ശ്രമിക്കുന്നതിനിടയിൽ യുവതിയുടെ മൂക്കിൽനിന്ന് രക്തംവന്നു. ഇതു കണ്ട് ഇയാൾ ഓടിരക്ഷപ്പെടുകയായിരുന്നു. പ്രദേശത്ത് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിവരം ലഭിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. കുറച്ചുദിവസമായി യുവതി താമസിച്ചിരുന്ന വീടും പരിസരവും നിരീക്ഷിച്ചുവരികയായിരുന്നുവെന്ന് ഇയാൾ സമ്മതിച്ചതായി പോലീസ് അറിയിച്ചു. പ്രദേശത്ത് സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകളും ഇയാൾ കണ്ടു വെച്ചിരുന്നതായി സമ്മതിച്ചിട്ടുണ്ട്.

മഞ്ചേരി ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. എസ്.ഐ. റിയാസ് ചാക്കീരി, ഉണ്ണിക്കൃഷ്ണൻ മാരാത്ത്, പി. സഞ്ജീവ്, സലീം തുടങ്ങിയവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.